# പത്രക്കുറിപ്പ്

## ബി.ജെ.പി.യുടെ ദേശീയസമ്മേളനത്തിനോടനുബന്ധിച്ച് കോഴിക്കോട് നഗരത്തിൽ 24.09.2016, തിയ്യതി 01.30 മണി മുതൽ ബസ്സുകൾ, ടാക്സികൾ മറ്റു സ്വകാര്യയാത്രാ വാഹനങ്ങൾക്കുള്ള ഗതാഗത നിയന്ത്രണ-ക്രമീകരണ നിർദേശങ്ങൾ

1)വയനാട് ഭാഗത്തു നിന്നു വരുന്ന വാഹനങ്ങൾ കാരന്തൂരിൽ നിന്നും മെഡിക്കൽ കോളേജ് – തൊണ്ടയാട്- അരയിടത്ത് പാലം ഓവർബ്രിഡ്ജ് വഴി സിറ്റിയിൽ പ്രവേശിക്കേണ്ടതാണ്.

2)കണ്ണൂർ ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ പുതിയങ്ങാടിയിൽ നിന്ന് തിരിഞ്ഞ് പൂളാടികുന്ന്-വേങ്ങേരി- മലാപ്പറമ്പ്-തൊണ്ടയാട് അരയിടത്ത് പാലം ഓവർബ്രിഡ്ജ് വഴി സിറ്റിയിൽ പ്രവേശിക്കേണ്ടതാണ്.

3)തെക്ക് ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ രാമനാട്ടുകര-പന്തീരങ്കാവ്—തൊണ്ടയാട്-അരയിടത്ത് പാലം ഓവർബ്രിഡ്ജ് വഴി സിറ്റിയിൽ പ്രവേശിക്കേണ്ടതാണ്

4)ബാലുശ്ശേരി, കക്കോടി, ചേളന്നൂർ, നരിക്കുനി ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ വേങ്ങേരി ജംഗ്ഷനിൽ നിന്നും മലാപ്പറമ്പ്-തൊണ്ടയാട്-അരയിടത്ത് പാലം ഓവർബ്രിഡ്ജ് വഴി സിറ്റിയിൽ പ്രവേശിക്കേണ്ടതാണ്.

5)പരപ്പനങ്ങാടി,തിരൂർ ഭാഗങ്ങളിൽ നിന്നും മണ്ണൂർ, ഫറോക്ക്, മീഞ്ചന്ത വഴി യാത്രക്കാരുമായി വരുന്ന ബസ്സുകൾ റെയിൽവേ സ്റ്റേഷന് സമീപം യാത്രക്കാരെ ഇറക്കി വലത് ഭാഗം ലിങ്ക് റോഡിലേക്ക് തിരിഞ്ഞ് പോകേണ്ടതാണ്.

6)പാലക്കാട്,തൃശ്ശൂർ, എറണാകുളം ഭാഗങ്ങളിൽ നിന്നും വരുന്ന കെ.എസ്.ആർ.ടി.സി ബസ്സുകൾ രാമനാട്ടുകരയിൽ നിന്നും പന്തീരങ്കാവ്-ഹൈലൈറ്റ് മാൾ-തൊണ്ടയാട്-അരയിടത്ത്പാലം ഓവർബ്രിഡ്ജ്-രാജാജി റോഡ് വഴി കെ.എസ്.ആർ.ടി.സി സ്റ്റാൻിലേക്ക് പോകേണ്ടതാണ്.

7)തെക്ക് ഭാഗത്തേക്ക് പോകേണ്ടതായ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അരയിടത്ത്പാലം ഓവർബിഡ്ജ്- തൊണ്ടയാട്-ഹൈലൈറ്റ്മാൾ- പന്തീരങ്കാവ് വഴി പോകേണ്ടതാണ്.

8)13.00 മണിയ്ക്കു ശേഷം സമ്മേളനത്തിനായുള്ള വാഹനങ്ങൾ ഒഴികെ മറ്റൊരു വാഹനവും കോഴിക്കോട് ബീച്ചിലേക്ക് പ്രവേശിക്കാൻ പാടുള്ളതല്ല.